**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **26-07-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതികൾക്കായി പെർമിസീവ് സാങ്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സ്വകാര്യ വ്യക്തികളുടെയോ ഭൂമിയിൽ ടൂറിസം വകുപ്പിന് പദ്ധതി നടപ്പിലാക്കാനായി പെർമിസീവ് സാങ്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (എ) | ടൂറിസം സാധ്യതയുള്ള സ്ഥലത്ത് ടൂറിസം വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥരായ സർക്കാർ വകുപ്പുകൾക്ക് / സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ആവശ്യകത ബോധ്യപ്പെടുത്തിയ ശേഷം അവരിൽ നിന്നും പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള എൻ.ഒ.സി/പെർമിസീവ് സാങ്ഷൻ വാങ്ങാറുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സാധാരണ ഗതിയിൽ പൊതു ഉപയോഗത്തിനുള്ള പദ്ധതികൾ ഒന്നും നടപ്പാക്കാറില്ല. എന്നാൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയും ടൂറിസം വികസനത്തിന് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടാൽ അത് ഭൂമി ഏറ്റെടുക്കൽ നടപടിയിലൂടെ ഏറ്റെടുത്ത് ടൂറിസം പദ്ധതികൾ നടപ്പിലാക്കാറാണ് പതിവ്. |

സെക്ഷൻ ഓഫീസർ